കാലങ്ങളിൽ ഇംപ്ലിമെന്റിംഗ് ആഫീസർമാരുടെയും വകുപ്പുസെക്രട്ടറിമാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്താറുണ്ട്.

ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽനിന്നുള്ള വായ്പ

35 (367) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽനിന്ന് വായ്പയെടുക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തു തുക വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് പറയാമോ; ഇതിൽനിന്നു വല്ലതുകയും ഇതുവരെ കിട്ടിയോ;

(സി) ഈ വായ്പ എന്നു കിട്ടുമെന്ന് പറയുമോ; ഈ വായ്പ കിട്ടുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്തിമ തീരുമാനമായിട്ടില്ലാത്തതിനാൽ ഇതുവരെ യാതൊരു തുകയും ലഭിച്ചിട്ടില്ല.

(സി) അന്തിമഘട്ട ചർച്ചകൾക്കുശേഷമേ വായ്പ എന്നു കിട്ടുമെന്ന് പറയുവാൻ കഴിയൂ.

ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് ലോൺ

36 (368) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് ലോൺ ഫ്ളോട്ട് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് തുക പിരിഞ്ഞുകിട്ടി;

(സി) ഈ തുകയിൽനിന്ന് വായ്പ ലഭിക്കുവാൻ എത്ര സ്ഥാപനങ്ങൾ അപേക്ഷ തന്നിട്ടുണ്ട്;

(ഡി) ഈ അപേക്ഷകൾ പരിഗണിക്കുവാൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് എന്നെല്ലാം യോഗങ്ങൾ കൂടി;

(ഇ) ഈ ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്ത് തുക വീതം വായ്പ അനുവദിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) 507.06 കോടി രൂപ.

(സി) അപേക്ഷയൊന്നും തന്നിട്ടില്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഇ) ബോർഡിലെ അംഗങ്ങളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. ചീഫ് സെക്രട്ടറി
2. പ്രിൻസിപ്പൽ സെക്രട്ടറി (ധന. വകുപ്പ്)
3. സെക്രട്ടറി (പബ്ലിക് വർക്സ്)
4. സെക്രട്ടറി (ഇറിഗേഷൻ)
5. സെക്രട്ടറി (പ്ലാനിംഗ്)
6. സെക്രട്ടറി (റവന്യൂ)
7. സെക്രട്ടറി (ധന. റിസോഴ്സസ്)
8. റിട്ടയേർഡ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
9. ജനറൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

ഒരു സ്ഥാപനത്തിനും വായ്പ ഇതേവരെ അനുവദിച്ചിട്ടില്ല.

കരാറുകാർക്ക് കൊടുക്കുവാനുള്ള കുടിശ്ശിക

37 (369) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ഇറിഗേഷൻ ഉൾപ്പെടെയുള്ള ഡിപ്പാർട്ടുമെന്റുകളിലെ കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശിക കൊടുക്കുവാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യക്ഷേമ പദ്ധതികളനുസരിച്ച് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന പെൻഷനുകൾ എത്ര രൂപാ കുടിശ്ശിക നൽകുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ എന്നിവയുടെ എത്ര വീതം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കുടിശ്ശികകൾ സമയബന്ധിതമായി കൊടുത്ത് തീർക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

1.	റോഡുകളും പാലങ്ങളും (30.9.2000-ൽ)	–	625.83
2.	കെട്ടിട വിഭാഗം (30.9.2000-ൽ)	–	60.81
3.	ജലസേചനം പ്രോജക്ട് I	–	33.14
4.	ജലസേചനം പ്രോജക്ട് II	–	വിവരം ശേഖരിച്ചുവരുന്നു
5.	ജലസേചനം പ്രോജക്ട് III	–	6.05

LIBRARY ARCHIVES Kerala Legislative Assembly